**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6426** **10-07-2024 - ൽ മറുപടിയ്ക്ക്**

**ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും നാളിതുവരെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | 2023 മാർച്ച് 10നാണ് ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചത്. ഏകദേശം 2.96 കോടി രൂപ വിനിയോഗിച്ച് സിവിൽ പ്രവർത്തികളുടെ 5 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ 2025 മാർച്ച് മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് കണക്കാക്കിയിരിക്കുന്ന ആകെ തുക എത്രയാണെന്നും നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ഒന്നാം ഘട്ട നവീകരണ പദ്ധതിയുടെ സിവിൽ, MEP, Acoustic വർക്കുകൾക്കും സ്റ്റുഡിയോ സാമഗ്രികൾ വാങ്ങുന്നതിനും, PMC സേവനങ്ങൾക്കുമായി കിഫ്ബി അനുവദിച്ച 69.32 കോടി രൂപയിൽ 4.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | 2016 മുതൽ നാളിതുവരെ പ്രസ്തുത സ്റ്റുഡിയോയിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ; | (സി) | 2016 മുതൽ ചിത്രാഞ്ജലിയിൽ നിന്നും ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ഡി) | ചിത്രാഞ്ജലി സ്റ്റുഡിയോയിൽ കിഫ്ബി സഹായത്തോടെയല്ലാതെ 2016 മുതൽ നാളിതുവരെ യന്ത്ര സാമഗ്രികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | 2016 മുതൽ നാളിതുവരെ വാങ്ങിയ യന്ത്രസാമഗ്രികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

| **ക്രമ നമ്പർ** | വർഷം | **തുക (Rs.)** |
|---|---|---|
| 1 | 2016-17 | 3,60,05,989.00 |
| 2 | 2017-18 | 5,42,80,098.00 |
| 3 | 2018-19 | 5,27,40,695.00 |
| 4 | 2019-20 | 3,48,61,561.00 |
| 5 | 2020-21 | 1,98,22,558.00 |
| 6 | 2021-22 | 2,89,72,926.00 |
| 7 | 2022-23 | 4,09,72,205.00 |
| 8 | 2023-24 | 3,48,95,175.00 |
| 9 | 2024 ഏപ്രിൽ-ജൂൺ | 48,66,612.00 |

**<u>അനുബന്ധം (2)</u>**

1.

| | | |
|---|---|---|
| **1.** | റിക്കോർഡിംഗ് ഉപകരണങ്ങൾ | **Rs.1,24,59,775/-** |
| 2. | എഡിറ്റിംഗ് ഉപകരണങ്ങൾ | **Rs.8,99,175/-** |
| 3. | ഡി.ഐ.സ്യൂട്ട് | **Rs.1,42,26,617/-** |
| *4. | ഔട്ട്ഡോർ യൂണിറ്റ് ഉപകരണങ്ങൾ | **Rs.31,71,573/-** |
| 5. | ഇലക്ട്രിക്കൽ ഉപകരണങ്ങൾ | **Rs.2,53,732/-** |
| 6. | എ.സി. | **Rs.2,38,284/-** |

* 2016 - 17 വർഷത്തിൽ **56,39,614/-** രൂപ മുടക്കി രണ്ട് Heavy Goods Vehicle (Generator Van for Out door Unit) വാങ്ങിയിട്ടുണ്ട്.